LIBRARY ARCHIVES Kerala Legislative Assembly

ജന്മി പെൻഷൻ ലഭിക്കാൻ നടപടി

125(814) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ശ്രീ. ഇക്കണ്ടവാര്യർ, എടക്കുനി വാരിയം അവിണിശ്ശേരി എന്നയാൾക്ക് 4-12-1997-ലെ ജി.ഒ. (എംഎസ്.) 867/97/ആർ.ഡി. പ്രകാരം ലഭിച്ചിരുന്ന ജന്മി പെൻഷൻ 2008-ന് ശേഷം ലഭിച്ചില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് പെൻഷൻ നല്കാതിരുന്നതെന്ന് അറിയിക്കുമോ ;

(സി) ഇത് സംബന്ധിച്ച് ലാൻഡ് ബോർഡ് സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇയാൾക്ക് പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഉണ്ട്. ജന്മി പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക ലഭ്യമല്ലാത്തതിനാലാണ് ജന്മി/പെൻഷൻ വിതരണം ചെയ്യാതിരുന്നിട്ടുള്ളതെന്ന് ലാൻഡ് ബോർഡ് സെക്രട്ടറി 31-1-2011-ൽ അറിയിച്ചിട്ടുണ്ട്. ജന്മി പെൻഷൻ വിതരണം ചെയ്യുന്നതിനായി 22-12-2010-ൽ 3,20,975 രൂപ അനുവദിച്ചിട്ടുണ്ട്. അപേക്ഷകന് 8/08 മുതൽ 1/11 വരെയുള്ള ജന്മി പെൻഷൻ കുടിശ്ശിക സഹിതം 2-2-2011-ൽ മണി ഓർഡറായി അയച്ചുകൊടുത്തിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സമാശ്വാസ തുക

126(815) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പള്ളുരുത്തി നിയോജക മണ്ഡലത്തിലെ എത്രപേർക്ക്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സമാശ്വാസ തുക റവന്യൂ വകുപ്പ് വഴി വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(ബി) തുക എത്ര എന്ന വിവരവും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.